# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 296 — 18-03-2013-ൽ മറുപടിയ്ക്ക്

## ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | നിയമം ഫലപ്രദമായി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗങ്ങളെയും മറ്റും ഉൾപ്പെടുത്തിയിട്ടുള്ള ജില്ല, സർക്കിൾതല കമ്മിറ്റികൾ സമയബന്ധിതമായി കൂടിയും ഈ നിയമത്തെ സംബന്ധിച്ച് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന അംഗങ്ങൾക്ക് അവബോധം നടത്തിയും പ്രസ്തുത നിയമം അനുസരിച്ച് എടുത്തിട്ടുള്ള കേസുകളിൽ ഊർജ്ജിതമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചും ഈ നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |
| (സി) | ഏറ്റവും ഒടുവിൽ ഇക്കാര്യങ്ങൾ അവലോകനം ചെയ്തത് എപ്പോഴാണ്; അവലോകനത്തിന്റെ നിഗമനങ്ങൾ വെളിപ്പെടുത്താമോ ; | (സി) | എല്ലാ മാസവും ജില്ലാതലത്തിലും റേഞ്ച് തലത്തിലും സംസ്ഥാന തലത്തിലും നടക്കുന്ന കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അവലോകനങ്ങളിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. എസ്.സി / എസ്.ടി (PoA) ആക്ട് |

| | | | |
|---|---|---|---|
| | | | പ്രകാരം അന്വേഷണാവസ്ഥയിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും, എസ്.സി/എസ്.ടി വിഭാഗക്കാരിൽ നിന്നും ലഭിക്കുന്ന പരാതികൾ സത്യസന്ധമായും, വേഗത്തിലും നിഷ്പക്ഷമായും തീർപ്പാക്കുന്നതിനും, എസ്.സി/എസ്.ടി വിഭാഗക്കാർ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിൽ L/O പട്രോളിംഗ് നടത്തുന്നതിനും കേസുകൾ തീർപ്പാക്കുന്നതിൽ വരുന്ന കാലതാമസം മൂലം പ്രതികൾക്ക് ശിക്ഷ ലഭിക്കാതെ പോകുന്നതായും, അതിക്രമങ്ങൾക്ക് ഇരയായ ആളുകൾക്ക് നിയമ സംരക്ഷണവും, അർഹമായ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളതായും അവലോകന യോഗങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക് നേരെ നടന്ന പീഡനങ്ങൾ ഉൾപ്പെടെ ക്രിമിനൽ കുറ്റങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ; | (ഡി) | ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | ആക്ടിൽ നിരോധിച്ച ഓരോ ക്രിമിനൽ കുറ്റവും എത്ര വീതം ഇതിനകം നടക്കുകയുണ്ടായി എന്ന കണക്കുകൾ ലഭ്യമാണോ ; വിശദമാക്കാമോ ; | (ഇ) | 1654. |
| (എഫ്) | നിയമാനുസൃതമായ കടമ നിർവ്വഹിക്കാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ കേസെടുക്കുകയുണ്ടായി ; വിശദമാക്കാമോ ? | (എഫ്) | നിയമാനുസൃതമായ കടമ നിർവ്വഹിക്കാത്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

D

| Districts | കേസുകളുടെ എണ്ണം |
|---|---|
| TVM C | 51 |
| TVM R | 185 |
| KLM C | 65 |
| KLM R | 121 |
| PTA | 67 |
| ALP | 104 |
| KTM | 103 |
| IDK | 84 |
| EKM C | 63 |
| EKM R | 88 |
| TSR C | 24 |
| TSR R | 63 |
| PKD | 141 |
| MPM | 73 |
| KKD C | 52 |
| KKD R | 100 |
| WYD | 52 |
| KNR | 110 |
| KSD | 108 |
| RLY | 0 |
| Total | **1654** |

ASHA DEVI. V.S.
Section Officer (HG)
Home (SC) Department
Government Secretariat
Thiruvananthapuram.